**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - ആഭ്യന്തരം - ശബരിമല സുരക്ഷാ സംവിധാനത്തിന്റെ ഭാഗമായി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ STSB അക്കൗണ്ടിൽ നിന്നും സർക്കാർ പിൻവലിച്ച തുക തിരികെ അനുവദിച്ച് ഉത്തരവാകുന്നു.

---

ധനകാര്യ (എക്സ്പെൻഡിച്ചർ-ബി)വകുപ്പ്

G.O.(Rt)No.6368/2018/FIN തിരുവനന്തപുരം, തീയതി 26/07/2018

---

പരാമർശം:- 1. സ. ഉ (സാ.ധാ)നം 6110/2018/ധന. തീയതി 18.07.2018

2. സർക്കുലർ നം .25/2018/Fin തീയതി 03.04.2018

3. സംസ്ഥാന പോലീസ് മേധാവിയുടെ 11.05.2018 ലെ F2-62904/2018/PHQ നം.കത്ത്.

4. E-File No. Home-E4/293/2018 തീയതി 18.06.2018

**<u>ഉത്തരവ്</u>**

ശബരിമല ക്ഷേത്ര സുരക്ഷാ സംവിധാനത്തിന്റെ ഭാഗമായി , ക്ഷേത്രത്തിലും പരിസര പ്രദേശങ്ങളിലും CCTV സ്ഥാപിക്കുന്നതിനായി STSB A/c No. 701041400000024 ൽ നിന്നും സർക്കാർ പിൻവലിച്ച 4,54,00,202/- രൂപ അടിയന്തരമായി റിലീസ് ചെയ്യണം എന്ന് പരാമർശം 3 പ്രകാരം സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച അപേക്ഷ ഭരണ വകുപ്പ് ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശബരിമല സുരക്ഷാ സംവിധാനത്തിന്റെ ഭാഗമായി തിരുവിതാംകൂർ ദേവസ്വം ബോർഡ് വിഹിതമായി നൽകിയ തുകയിൽ കെൽട്രോണിന് മുൻകൂറായി അനുവദിച്ച തുകയുടെ ബാക്കി TSB അക്കൗണ്ടിൽ സൂക്ഷിച്ചിരുന്നതും സർക്കാർ തിരിച്ചെടുത്തതുമായ രൂപ 1,48,78,700/- (ഒരു കോടി നാല്പത്തിയെട്ട് ലക്ഷത്തി എഴുപത്തി എട്ടായിരത്തി

എഴുന്നൂറ്) സംസ്ഥാന പോലീസ് മേധാവിയുടെ പേരിൽ വെള്ളയമ്പലം സബ് ട്രഷറിയിലുള്ള STSB No. 701041400000024 അക്കൗണ്ടിൽ, പരാമർശം 2 സർക്കുലറിന്റെ അടിസ്ഥാനത്തിൽ തിരികെ നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. പ്രസ്തുത ചെലവ് നടപ്പുവർഷത്തെ "2075-00-800-72-02(PV)" എന്ന ശീർഷകത്തിൽ വകയിരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
D.KRISHNAPRIYA
JOINT SECRETARY

പകർപ്പ്

- പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
- പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം
- ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
- സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
- ആഭ്യന്തരം (ഇ) വകുപ്പ്
- ട്രഷറി ഡയറക്ടർ , തിരുവനന്തപുരം
- നോഡൽ ഓഫീസർ, www.finance.kerala.gov.in
- സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ